# ആറ്റുകാൽ ഭഗവതിക്ഷേത്രം ട്രസ്റ്റ്

**ആറ്റുകാൽ, തിരുവനന്തപുരം-9**

നമ്പർ: ഇ3/113/2023/എബിറ്റിറ്റി/222 തീയതി : 21.01.2023

## ടെണ്ടർ പരസ്യം

## ഇലക്ട്രിക്കൽ സാധനങ്ങൾ

ആറ്റുകാൽ ഭഗവതി ക്ഷേത്രം ട്രസ്റ്റ് ഓഫീസ് ഓഡിറ്റോറിയങ്ങൾ തുടങ്ങിയ ഇടങ്ങളിൽ 1-4-2023 മുതൽ 31.03.2024 വരെ ആവശ്യമായ ഇലക്ട്രിക്കൽ സാധനങ്ങൾ സപ്ലൈ ചെയ്യുന്നതിനുള്ള അവകാശത്തിന് അംഗീകൃത ഇലക്ടിക്കൽ കരാറുകാരിൽ നിന്നും മുദ്രവച്ച ടെൻഡറുകൾ ക്ഷണിച്ചുകൊള്ളുന്നു. ടെൻഡറുകൾ ഇതോടൊപ്പം ചേർത്തിരിക്കുന്ന ഫാറത്തിൽ പൂരിപ്പിച്ച് 25.01.2023 വൈകുന്നേരം 3.00 മണിക്ക് മുമ്പായി ട്രസ്റ്റ് ഓഫീസിൽ ലഭിച്ചിരിക്കേണ്ടതും, അന്നേ ദിവസം വൈകുന്നേരം 3.20ന് സന്നിഹിതരായിരിക്കുന്ന ടെൻഡറുകാരുടെ സാന്നിദ്ധ്യത്തിൽ തുറക്കുന്നതുമാണ്.

***ടെൻഡർ നിബന്ധനകൾ***

1. നിരതദ്രവ്യതുകയായ 5,000 രൂപയ്ക്ക് (അയ്യായിരം രൂപ മാത്രം) ഏതെങ്കിലും ഷെഡ്യൂൾഡ് ബാങ്കിൽ നിന്നും സെക്രട്ടറി, ആറ്റുകാൽ ഭഗവതിക്ഷേത്രം ട്രസ്റ്റ്, തിരുവനന്തപുരം എന്ന പേരിൽ ഡിമാന്റ് ഡ്രാഫ്റ്റ് വാങ്ങി ടെൻഡറിനോടൊപ്പം അടക്കം ചെയ്തിരിക്കേണ്ടതാണ്. ടെൻഡറിനോടൊപ്പം ചേർത്തിരിക്കുന്ന ടെൻഡർ ഫാറം പൂരിപ്പിച്ച് ടെൻഡറിനോടൊപ്പം അടക്കം ചെയ്തിരിക്കേണ്ടതാണ്.
2. ട്രസ്റ്റിലേക്ക് ആവശ്യമായ ഷെഡ്യൂളിൻ പ്രകാരമുള്ള ഇലക്ട്രിക്ക് സാധനങ്ങൾ ട്രസ്റ്റിൽ നിന്നും ആവശ്യപ്പെടുന്ന മുറയ്ക്ക് ടെൻഡർ ഷെഡ്യൂളിൽ പറഞ്ഞിരിക്കുന്ന അതേ ഗുണനിലവാരത്തിൽ സപ്ലൈ ചെയ്യേണ്ടതാണ്.
3. ടെൻഡർ ഷെഡ്യൂളിൽ ഒരെണ്ണത്തിന്റെ റേറ്റാണ് ക്വോട്ട് ചെയ്യേണ്ടത് (ജി.എസ്.റ്റി. പുറമെ)
4. ടെൻഡർ സ്ഥിരപ്പെടുത്തി കിട്ടുന്ന വ്യക്തി നിശ്ചിത വ്യവസ്ഥകൾ ഉൾപ്പെടുത്തി സെക്യൂരിറ്റി തുകയായി 10,000 രൂപ (പതിനായിരം രൂപ മാത്രം) ഒടുക്കി 200/- രൂപയുടെ മുദ്രപത്രത്തിൽ രണ്ടു ഫോട്ടോ സഹിതം നിശ്ചിത കരാർ ഒപ്പിട്ട് ട്രസ്റ്റ് ഓഫീസിൽ ഹാജരാക്കേണ്ടതാണ്. സർക്കാർ അനുശാസിക്കുന്ന എല്ലാ നികുതികളും ഒടുക്കുവാൻ കരാറുകാരൻ ബാദ്ധ്യസ്ഥനാണ്.
5. ടെൻഡർ കാലയളവിൽ സപ്ലൈ ചെയ്യുന്ന ഏതെങ്കിലും ഇലക്ട്രിക്കൽ സാധനങ്ങൾ ഗുണനിലവാരം കുറഞ്ഞതായി കാണുന്ന പക്ഷം അവ നിരസിക്കുന്നതാണ്. പകരം നിശ്ചിത ഗുണനിലവാരത്തിലുള്ള ഇലക്ട്രിക്കൽ സാധനങ്ങൾ സപ്ലൈ ചെയ്യാൻ ടെൻഡറുകാരൻ ബാദ്ധ്യസ്ഥനാണ്.
6. ടെൻഡർ സ്ഥിരപ്പെടുത്തി കിട്ടുന്ന വ്യക്തി/സ്ഥാപനം ഈ അവകാശം യാതൊരു കാരണവശാലും മറ്റൊരാൾക്ക് കൈമാറുവാൻ പാടുള്ളതല്ല.
7. കരാർ ലംഘനം നടത്തിയതായി കാണുന്ന പക്ഷം യാതൊരു മുന്നറിയിപ്പും കൂടാതെ കരാർ റദ്ദുചെയ്യുന്നതുൾപ്പെടെയുള്ള മേൽനടപടികൾ സ്വീകരിക്കുന്നതിന് ട്രസ്റ്റ് സെക്രട്ടറിക്ക് പൂർണ്ണ അവകാശവും അധികാരവും ഉണ്ടായിരിക്കുന്നതാണ്.
8. ടെൻഡർ കാരണം പറയാതെ നിരസിക്കുന്നതിനും, ടെൻഡർ സമയത്തിൽ മാറ്റം വരുത്തുന്നതിനുമുള്ള പൂർണ്ണ അധികാരം ട്രസ്റ്റ് സെക്രട്ടറിയിൽ നിക്ഷിപ്തമായിരിക്കും.
9. ടെൻഡർ സംബന്ധിച്ചുള്ള എല്ലാ പൊതുനിയമങ്ങളും ട്രസ്റ്റ് നിയമങ്ങളും ഈ ടെൻഡറിനും ബാധകമായിരിക്കും.

സെക്രട്ടറി
ആറ്റുകാൽ ഭഗവതിക്ഷേത്രം ട്രസ്റ്റ്

ടെൻഡറുകാരന്റെ പേരും ഒപ്പും :

സ്ഥലം :
തീയതി :